**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 621** **17-09-2025 - ൽ മറുപടിയ്ക്ക്**

**ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് (2025)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025ന്റെ ഭാഗമായി പ്രഖ്യാപിച്ച സംരംഭങ്ങളുടെ പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ 2025 ഫെബ്രുവരി 21, 22 തീയതികളിലായി എറണാകുളത്ത് വെച്ച് സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025-ലൂടെ, ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന നിലയിൽ കേരളത്തിന്റെ സ്ഥാനം ശക്തിപ്പെടുത്താനും, ലോകത്തിന് മുന്നിൽ ഉയർത്തിക്കാട്ടാനും സാധിച്ചിട്ടുണ്ട്. പ്രസ്തുത സംഗമത്തിൽ 449 സ്ഥാപനങ്ങളിൽ നിന്നായി ഒരു ലക്ഷത്തി എൺപതിനായിരം കോടിയിലേറെ മൂല്യം വരുന്ന നിക്ഷേപ താല്പര്യ പത്രങ്ങളാണ് ലഭിച്ചത്. ഇതിലൂടെ സംസ്ഥാനത്ത് അഞ്ച് ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് അനുമാനിക്കുന്നു. ടൂറിസം, ഭക്ഷ്യ സംസ്കരണം, ഇലക്ട്രോണിക് ഘടകങ്ങളുടെ നിർമ്മാണം, ഐടി/ ഐടി അധിഷ്ഠിത വ്യവസായങ്ങൾ, മരാധിഷ്ഠിത വ്യവസായങ്ങൾ, റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ഫാർമസ്യൂട്ടിക്കൽസ്, ഹെൽത്ത്കെയർ, ആയുർവേദ & വെൽനെസ്സ് തുടങ്ങി സംസ്ഥാനത്തിന്റെ ശക്തവും സുസ്ഥിരവുമായ മേഖലകളിലാണ്, മേൽ പറഞ്ഞ നിക്ഷേപ താല്പര്യ പത്രങ്ങളിൽ അധികവും ലഭിച്ചിരിക്കുന്നത്.<br><br>ഇവ സമയബന്ധിതമായി യഥാർത്ഥ നിക്ഷേപങ്ങളാക്കി മാറ്റുക എന്നതിലാണ് നിലവിൽ അടിയന്തര ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ആയതിന്റെ ഭാഗമായി, നിക്ഷേപ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ താല്പര്യ പത്രങ്ങളെ തരംതിരിച്ച് കെ.എസ്.ഐ.ഡി.സി, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര എന്നീ ഏജൻസികളിലൂടെ കൃത്യമായി ഫോളോ അപ്പ് നടന്നു വരുന്നു. വിവിധ അനുമതികളുൾപ്പെടെ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിനുള്ള സംവിധാനങ്ങൾക്ക് വ്യവസായ വകുപ്പ് രൂപം നൽകുകയും, വിവിധ |

| | | | |
|---|---|---|---|
| | | | തലങ്ങളിലും കൃത്യമായ ഇടവേളകളിലും പദ്ധതി അവലോകനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.<br><br>ഈ പശ്ചാത്തലത്തിൽ, സംരംഭകർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമേഖലകളും, നിക്ഷേപ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി വിവിധ വകുപ്പുകളിൽ നിന്നും സ്വീകരിക്കേണ്ട നയപരമായ പരിഷ്കാരങ്ങളും ഉൾപ്പെടുത്തി, 31 നയ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുകയും ആയത് 19.06.2025-ൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നത തല യോഗത്തിൽ ചർച്ച ചെയ്യുകയും, ഭൂരിപക്ഷം നയ പരിഷ്കാര നിർദ്ദേശങ്ങളും അംഗീകരിക്കപ്പെടുകയും ചെയ്തിരുന്നു.<br><br>ഇത്തരത്തിലുള്ള കൂട്ടായ ശ്രമത്തിന്റെ ഫലമായി ഇതുവരെ 98 നിക്ഷേപ താൽപര്യ പത്രങ്ങളെ നിക്ഷേപമാക്കി പരിവർത്തനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഇവ നിലവിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. ഇതിലൂടെ 34,684.750 കോടിയുടെ നിക്ഷേപവും, 48,363 തൊഴിലവസരങ്ങളും സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്നതാണ്. |
| (ബി) | ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 ന്റെ ഭാഗമായി ടൂറിസം മേഖലയിൽ പുതുതായി വരുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ 2025-ന്റെ ഭാഗമായി ടൂറിസം മേഖലയിൽ 16853.8 കോടി രൂപ മൂല്യം വരുന്ന 73 നിക്ഷേപ താല്പര്യ പത്രങ്ങളാണ് ലഭിച്ചത്. ഇതിലൂടെ സംസ്ഥാനത്ത് 26281 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ, ടൂറിസം & ഹോസ്പിറ്റാലിറ്റി മേഖലയിൽ നിന്നും 13628.8 കോടി രൂപ മൂല്യം വരുന്ന 60 പദ്ധതികളും, അമ്യൂസ്മെന്റ് & എൻറർടെയ്ൻമെൻറ് മേഖലയിൽ നിന്നും 2020 കോടി രൂപ മൂല്യം വരുന്ന 5 പദ്ധതികളും, മെഡിക്കൽ & വെൽനസ്സ് ടൂറിസം മേഖലയിൽ നിന്നും 1205 കോടി രൂപ മൂല്യം വരുന്ന 8 പദ്ധതികളും ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ